

# മനുഷ്യവിഭവശേഷി വികസനത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ

ലേഖനം ● ഡോ. അബ്ദുസ്സലാം വാണിയമ്പലം

**ഇസ്‌ലാം** പ്രതിനിധീകരിക്കുന്ന സത്യത്തിന് ലോകത്ത് വിജയമുണ്ടാകുന്നതെങ്ങനെയാണ്? അത് പ്രസരിപ്പിക്കുന്ന പ്രകാശം ജനങ്ങൾക്ക് വെളിച്ചം നൽകുന്നതെങ്ങനെ? ആ പ്രകാശത്തിന്റെ സമൃദ്ധി പെയ്തിറങ്ങി, ഒരു സമൂഹവും ക്ഷേമ രാഷ്ട്രവും കെട്ടിപ്പടുക്കപ്പെടുന്നത് എങ്ങനെയായിരിക്കും?

ഭൂരിപക്ഷം ജനങ്ങൾക്ക് ഇസ്‌ലാമിന്റെ സന്ദേശമെത്തുകയും അവർക്കത് ബോധ്യപ്പെടുകയും അവരതിനെ ഏറ്റെടുക്കുകയും ചെയ്യുമ്പോൾ എന്നത് ഇതിനുള്ള ശരിയായ മറുപടിയല്ല. കാരണം, സത്യത്തെ അപൂർവ്വമായല്ലാതെ ഭൂരിപക്ഷം ഏറ്റെടുക്കാറില്ല. എന്നും ന്യൂനപക്ഷമേ സത്യത്തോടൊപ്പം ഉണ്ടായിരുന്നിട്ടുള്ളൂ.

എന്നിട്ടും സത്യം വിജയിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ ന്യൂനപക്ഷത്തിന്റെ വിജയത്തെ എടുത്ത് പറഞ്ഞത് വെറുതെയല്ല. വിജയത്തിന് ഭൂരിപക്ഷം ഒരുപാധിയല്ല എന്ന് ബോധ്യപ്പെടുത്തി ആത്മവിശ്വാസം നൽകുകയാണ് ഖുർആൻ:

"ദൈവഹിതത്താൽ, എത്രയെത്ര വൻസൈന്യങ്ങളെയാണ് ചെറുസംഘങ്ങൾ ജയിച്ചടക്കിയത്! ക്ഷമയുള്ളവരുടെകൂടെയാകുന്നു അല്ലാഹു" (*അൽബഖറ* 249).

"നിങ്ങളിൽ സഹനശീലരായ ഇരുപതുപേരുണ്ടെങ്കിൽ, അവർ ഇരുനൂറുപേരെ ജയിച്ചടക്കും. അത്തരം നൂറു പേരുണ്ടെങ്കിൽ സത്യനിഷേധികളിൽ ആയിരം പേരെ ജയിക്കാം. എന്തുകൊണ്ടെന്നാൽ അവർ യാഥാർത്ഥ്യം ഗ്രഹിക്കാത്തവരാകുന്നു" (*അൽഅൻഫാൽ* 65).

ന്യൂനപക്ഷത്തെ, എണ്ണം കൊണ്ടു കുറവാണെങ്കിലും, വണ്ണം കൊണ്ടു ഭൂരിപക്ഷത്തിനൊപ്പം, അല്ലെങ്കിൽ അവരുടെ മുമ്പിലെത്തിക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. ന്യൂനപക്ഷത്തെ സർവ്വ വിധേനയും യോഗ്യരാക്കി 'ഭൂരിപക്ഷ'മാക്കുകയാണ്. അവരുടെ ഗ്രാഹ്യശേഷിയുടെയും കാര്യനിർവ്വഹണ ശക്തിയുടെയും നേതൃയോഗ്യതയുടെയും മുമ്പിൽ ഖുർആൻ വിശേഷിപ്പിച്ചതുപോലെ ഗ്രാഹ്യ ശേഷിയില്ലാത്ത ഭൂരിപക്ഷത്തിനു വഴങ്ങേണ്ടി വരുന്നു. അങ്ങനെയാണത് അതിന്റെ വിപ്ലവത്തെ വിജയിപ്പിക്കുന്നത്. ഒട്ടുമിക്ക പോരാട്ടങ്ങളിലും അതങ്ങനെത്തന്നെയായിരുന്നു. ബദ്റിൽ 313 പേരാണ് ആയിരത്തെ പരാജയപ്പെടുത്തിയത്. എണ്ണം മാത്രമല്ല, ആയുധ ശേഷിയും കുറവായിരുന്നു. മദീനയിൽ ഒന്നാമത്തെ ഇസ്‌ലാമിക രാഷ്ട്രമുണ്ടാക്കുന്നത് മുസ്‌ലിം ഭൂരിപക്ഷമല്ല, മുസ്‌ലിം ന്യൂനപക്ഷമായിരുന്നു. ജൂതന്മാരെയും ബഹുദൈവ വിശ്വാസികളെയുമുൾപ്പെടുത്തി തങ്ങളുടെ നേതൃത്വത്തിൽ രാഷ്ട്രമുണ്ടാക്കുകയാണ് മുസ്‌ലിംകൾ ചെയ്തത്. അന്ന് മദീനയിലെ മുസ്‌ലിംകളുടെ എണ്ണം മൂവായിരത്തിൽ താഴെ. ജൂതന്മാരും ബഹുദൈവവിശ്വാസികളും പതിനായിരത്തോളം. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ നേതൃയോഗ്യതകളുടെ മുമ്പിൽ അമുസ്‌ലിം ഭൂരിപക്ഷം വഴങ്ങുകയായിരുന്നുവെന്ന് ചുരുക്കം.

ഇന്ന്, ഇസ്‌ലാമിക സമൂഹത്തെ സംബന്ധിച്ചിടത്തോളം എണ്ണക്കുറവല്ല പ്രശ്നം, യോഗ്യതക്കുറവാണ്. പ്രവാചകൻ (സ) പറഞ്ഞല്ലോ:

"ഒട്ടകങ്ങൾ നൂറുണ്ട്, പക്ഷെ ഒന്നു പോലും ഗതാഗത യോഗ്യമല്ല. ഇതുപോലെത്തന്നെയാണ് ജനങ്ങൾ" [1]

"വിശക്കുന്നവർ ഭക്ഷണത്തളികയിലേക്ക് ചാടി വീഴുമ്പോലെ ശത്രുക്കൾ നിങ്ങൾക്കെതിരെ ചാടി വീഴുന്നൊരു കാലം വരും. ഞങ്ങൾ ചോദിച്ചു: അന്ന് ഞങ്ങൾ എണ്ണത്തിൽ കുറവായിരിക്കുമോ? പ്രവാചകൻ (സ) പറഞ്ഞു: അന്ന് നിങ്ങൾ വളരെയധികമുണ്ടാകും. പക്ഷേ ഒഴുക്കു വെള്ളത്തിലെ ചപ്പുചവറുപോലെയായിരിക്കുമന്ന് നിങ്ങൾ. ശത്രുക്കൾക്ക് നിങ്ങളെ ഭയമില്ലാതായിത്തീരുകയും നിങ്ങളുടെ ഹൃദയത്തിൽ ദൗർബല്യമുണ്ടാകുകയും ചെയ്യും. അനുയായികൾ ചോദിച്ചു: എന്താണാ ദൗർബല്യം? നബി (സ) പറഞ്ഞു: നശ്വര ജീവിതത്തോടുള്ള പ്രേമവും മരണത്തോടുള്ള വെറുപ്പും."[2]

## 'തർബിയ്യത്തി'ന്റെ അർഥലോപം

നിലനിൽക്കുവാനും നേതൃത്വം നൽകുവാനും വ്യക്തികളെ യോഗ്യരാക്കുന്ന പ്രക്രിയയത്രെ ഇസ്‌ലാമിലെ തർബിയ്യത്ത്. Upbringing ആണത്. അധികരിച്ചു, വളർന്നു, നന്നാക്കി, ഏറ്റെടുത്തു, നയിച്ചു, പരിപാലിച്ചു എന്നൊക്കെയാണതിന്റെ വാക്കർത്ഥം.[3] "ഒരു കാര്യത്തെ ക്രമേണ അതിന്റെ പൂർണ്ണതയിലേക്കെത്തിക്കുന്നതിനാണ് തർബിയ്യത്ത് എന്ന് പറയുന്നതെന്ന്" ഇമാം ബൈദാവി[4]. "ഒരു സംഗതിയെ ഘട്ടംഘട്ടമായി അതിന്റെ സമ്പൂർണ്ണതയിലേക്ക് വളർത്തിക്കൊണ്ടുവരുന്നതാണ് തർബിയ്യത്ത്" എന്ന് ഇമാം റാഗിബ്[5].

പല മതസങ്കേതങ്ങൾക്കും അർത്ഥലോപം സംഭവിച്ചതുപോലെ, പരലോകത്തിന് സജ്ജമാക്കുന്ന പ്രക്രിയ മാത്രമാണ് തർബിയത്ത് എന്ന തെറ്റായ ധാരണ മുസ്‌ലിം സമൂഹത്തിലുണ്ടായിട്ടുണ്ട്. പരലോകം തർബിയത്തിന്റെ ആദ്യ പരിഗണന തന്നെയാണ്. പക്ഷെ അത് മാത്രമല്ല തർബിയ്യത്തിന്റെ ഉന്നം. തസ്കിയ്യത്തല്ല (സംസ്കരണം) തർബിയ്യത്ത്. തർബിയ്യത്തിന്റെ ഒരു ഭാഗം മാത്രമാണ് തസ്കിയത്ത്. സമൂഹത്തിനുപകരിക്കുന്ന വ്യക്തികളെ സൃഷ്ടിക്കുക എന്നതു കൂടിയാണ് തർബിയ്യത്ത്. 'റജുലുൻ സ്വാലിഹ്' ആണ് തർബിയ്യത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത്. സ്വാലിഹിന്റെ അർത്ഥം സൽകർമ്മി എന്നു മാത്രമല്ല, യോഗ്യൻ (Useful, Suitable, Fit) എന്നു കൂടിയാണ്. വിശുദ്ധ ഖുർആൻ വ്യക്തികളുടെ വളർച്ചക്ക് നൽകുന്ന മാർഗ്ഗനിർദേശങ്ങളെ വിശകലനം ചെയ്യുമ്പോൾ ഇത് ബോധ്യപ്പെടും.

പ്രവാചകതർബിയ്യത്തും വ്യത്യസ്തമായിരുന്നില്ല. ഇസ്‌ലാമിക പ്രബോധനം മക്കയിൽ ആരംഭിച്ച ഘട്ടത്തിൽ തന്നെ ദാറുൽ അർഖമിൽ പ്രവാചകൻ തന്റെ അനുയായികൾക്ക് പരിശീലനം ആരംഭിച്ചു . അനുയായികളെയല്ല, യോഗ്യരായ നേതാക്കളെയുണ്ടാക്കുകയായിരുന്നു അവിടുന്ന്. സമൂഹത്തിന്റെ മൊത്തം നേതാക്കൾ തന്റെ അനുയായികളായിരിക്കണമെന്ന് അവിടുന്ന് ലക്ഷ്യം വച്ചു. പിന്നീട് ഇസ്‌ലാമിക വിപ്ലവത്തെ നയിക്കുന്ന സ്വഹാബിവര്യന്മാരിൽ നല്ലൊരു വിഭാഗം ദാറുൽ അർഖമിന്റെ സന്തതികളായത് അങ്ങനെയാണ്. ഇവ്വിധം മനുഷ്യ വിഭവ ശേഷി വികസനത്തിനു പ്രവാചകൻ (സ) നൽകിയ വമ്പിച്ച പ്രാധാന്യം ശ്രദ്ധേയമത്രെ. ആട്ടിടയന്മാർ രാഷ്ട്രമീമാംസയുടെ അവ

സാനവാക്കായിത്തീർന്നത്, കാട്ടറബികൾ വിജ്ഞാനത്തിന്റെ ഉച്ചകോടികളായത്, പാമരന്മാർ പണ്ഡി തന്മാരായത്, സാധുക്കൾ അതിസമർത്ഥരായത്, ചളിയിൽ വീണു കിടന്നവർ ഭൂമിയിലെ മാലാഖമാ രായത്, മനുഷ്യവിഭവശേഷി വികസനത്തിലൂന്നിയ പ്രവാചക തർബിയ്യത്ത് രീതിയുടെ അത്ഭുതം കൊണ്ടല്ലാതെ മറ്റെന്തുകൊണ്ടാണ്?!

വികസനത്തിന്റെ അമൂല്യമായ വിഭവമാണ് മനുഷ്യൻ. പക്ഷെ, മനുഷ്യൻ അവനെന്ന വിഭവ ത്തിന്റെ പത്ത് ശതമാനം പോലും ഉപയോഗിക്കുന്നില്ല. അവനിൽ അല്ലാഹു നിക്ഷേപിച്ച അപാര മായ ശേഷി നനഞ്ഞുറഞ്ഞു കിടക്കുകയാണ് പലപ്പോഴും. ഈ ശേഷിയുടെ, വിഭവത്തിന്റെ വിസ്ഫോ ടനം സാധിക്കുകയാണ് തർബിയ്യത്തിലൂടെ ഇസ്‌ലാം ചെയ്യുന്നത്. അങ്ങനെയാണത് അബൂബക്കർ എന്ന സാത്വികനായ ഗ്രാമീണനിൽ നിന്ന് പ്രതിസന്ധിഘട്ടങ്ങളിലെ ക്രാന്തദർശിയായ അമീറിനെ സൃഷ്ടിക്കുന്നത്, ഉമറുബ്നുൽ ഖത്വാബ് എന്ന പരുഷവ്യക്തിത്വത്തിൽ നിന്ന് ചരിത്രത്തിലെ അതു ല്യനായ അപാര നേതൃത്വത്തെ നിർമ്മിച്ചെടുക്കുന്നത്, ഉസ്മാനുബ്നു അഫ്ഫാൻ എന്ന ധനാഢ്യനെ ജനങ്ങളുടെ നായകനാക്കുന്നത്, അലിയ്യുബ്നു അബീത്വാലിബെന്ന നയതന്ത്രജ്ഞനെ, ഖാലിദു ബ്നുവലീദെന്ന യുദ്ധതന്ത്രജ്ഞനെ, അബ്ദുർറഹ്മാനുബ്നു ഔഫെന്ന കച്ചവടപ്രമുഖനെ, ആയിശ എന്ന പണ്ഡിതയെ സൃഷ്ടിക്കുന്നത്.

## ദൗത്യനിർവ്വഹണവും വിഭവശേഷി വികസനവും

മനുഷ്യനെ ഭൂമിയിൽ വലിയ ദൗത്യങ്ങളാണ് അല്ലാഹു ഏൽപിച്ചിട്ടുള്ളത്. താഴെ പറയുന്ന നാലു ഖുർആൻ വചനങ്ങൾ ആ ദൗത്യങ്ങളുടെ ഗാംഭീര്യത്തെ കുറിക്കുന്നുണ്ട്:

"ആകാശഭൂമികളുടെയും പർവ്വതങ്ങളുടെയും മുമ്പിൽ നാം ഈ അമാനത്ത് വെച്ചു. അപ്പോൾ അതേറ്റെടുക്കാൻ അവ സന്നദ്ധമായില്ല. അവയതിനെ ഭയപ്പെട്ടു. പക്ഷേ, മനുഷ്യൻ അതേറ്റെടുത്തു. അവൻ മഹാ അക്രമിയും അവിവേകിയും തന്നെ" (*അൽ അഹ്സാബ്* 72).

"ഞാൻ ഭൂമിയിൽ ഒരു ഖലീഫ (പ്രതിനിധി)യെ നിശ്ചയിക്കുവാൻ പോകുന്നുവെന്ന് താങ്കളുടെ നാഥൻ മലക്കുകളോടു പറഞ്ഞപ്പോൾ, അവർ അന്വേഷിച്ചു: ഭൂമിയിൽ, അതിന്റെ സംവിധാനം താറു മാറാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ നിശ്ചയിക്കുകയാണോ? ഞങ്ങൾ നിന്നെ സ്തുതിച്ചും പ്രകീർത്തിച്ചും ജപിച്ചുകൊണ്ടിരിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തിക്കൊണ്ടിരിക്കു കയും ചെയ്യുന്നുണ്ടല്ലോ' അവൻ അരുളി: നിങ്ങൾക്കറിഞ്ഞുകൂടാത്തത് ഞാൻ അറിയുന്നു" (*അൽബഖറ* 30).

"അവനാകുന്നു നിങ്ങളെ ഭൂമിയിൽനിന്നു സൃഷ്ടിക്കുകയും അതിൽ പരിപാലനം നിങ്ങളെ യേൽപിക്കുകയും ചെയ്തവൻ" (*ഹൂദ്* 61).

"പുണ്യത്തിലേക്കു ക്ഷണിക്കുകയും ധർമ്മശാസനം നടത്തുകയും തിന്മ തടയുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാകുന്നു. ഈ ദൗത്യം നിർവ്വഹിക്കുന്നവ രാരോ അവരാകുന്നു വിജയികൾ" (*ആലുഇംറാൻ* 104).

പ്രപഞ്ചത്തിലെ മറ്റൊരു സൃഷ്ടിയും ഏറ്റെടുക്കാൻ ധൈര്യപ്പെടാത്ത 'അമാനത്ത്' അല്ലാഹു വിനു വേണ്ടി, ഭൂമിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഖിലാഫത്ത്, ഭൂമിയുടെ മൊത്തം പരിപാ ലനമെന്ന 'ഇസ്തിഅ്മാർ', ഭൂലോകത്തെ മുഴുവൻ മാനവതയോടും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന 'ദഅ്വത്ത്.' ഇത്രയും മഹാദൗത്യങ്ങൾ ദുർബലർക്ക് ചെയ്യാനാവുന്നതോ ക്ഷിപ്രസാധ്യമോ അല്ല. മികവാർന്നതും ശക്തവുമായൊരു സമൂഹത്തിനു മാത്രം സാധിക്കുന്ന ദൗത്യ ങ്ങളാണിവ.

## അമാനത്ത്

ഒന്നാമത് പറഞ്ഞ 'അമാനത്തി'ന്റെ കാര്യമെടുക്കുക (ഖിലാഫത്തും ഇസ്തിഅ്മാറും ദഅ്വത്തും അതിന്റെ ഭാഗമാണ്). യോഗ്യതയാണ് അമാനത്ത് നിർവ്വഹണത്തിന്റെ കാമ്പ്. ആ യാഥാർത്ഥ്യത്തെ അടിവരയിടുന്ന ഒരു ഹദീസ്:

പ്രവാചകൻ(സ) പറഞ്ഞു:

"അമാനത്ത് പാഴാക്കപ്പെട്ടാൽ നീ അന്ത്യനാളിനെ പ്രതീക്ഷിക്കുക. അനുചരന്മാർ ചോദിച്ചു: എങ്ങനെയാണത് പാഴാക്കപ്പെടുക പ്രവാചകരേ? അവിടുന്ന് മറുപടി പറഞ്ഞു: കാര്യങ്ങൾ അയോഗ്യ രായ ആളുകളെ ഏൽപ്പിക്കപ്പെട്ടാൽ നീ അന്ത്യനാൾ പ്രതീക്ഷിച്ചുകൊള്ളുക[6].

അമാനത്ത് നിർവ്വഹിക്കാൻ വിശ്വാസവും ആത്മാർഥതയും മാത്രം പോരാ, യോഗ്യതയും

വേണം. പ്രവാചകനോട് അധികാരമാവശ്യപ്പെട്ട അബൂദർറിന്ന് ഈമാനും ഇഖ്‌ലാസുമുണ്ടായിരുന്നു. അദ്ദേഹം സാത്വികനും ഭൗതിക വിരക്തനുമായിരുന്നു. ഇസ്‌ലാമിക പ്രബോധനപ്രവർത്തനത്തിന് ഉഴിഞ്ഞുവച്ച ജീവിതമായിരുന്നു. അദ്ദേഹത്തിന്റെ ശ്രമത്താൽ ചില ഗോത്രങ്ങൾ ഒന്നടങ്കം ഇസ്‌ലാം സ്വീകരിച്ചിട്ടുമുണ്ട്. എന്നിട്ടും അധികാരമദ്ദേഹത്തെ ഏൽപിക്കാൻ പ്രവാചകൻ(സ) തയ്യാറായില്ല. അവിടുന്നു പറഞ്ഞു: "നീ ദുർബലനാണ്. അധികാരം ഒരമാനത്താകുന്നു. അന്ത്യനാളിൽ അത് നിന്ദ്യതയും ദുഃഖവുമായിരിക്കും"(7)

ഇമാം അദ്ദഹബി പറയുന്നു: "അബൂദർറ്(റ) ശാരീരികമായി ശക്തനായിരുന്നു, ധീരനായിരുന്നു. അദ്ദേഹം പരലോകത്തിനു വേണ്ടി സ്വയം ഉഴിഞ്ഞു വച്ചിരിക്കുകയായിരുന്നു. എന്നാൽ, നേതാവിന് നേതൃത്വം ഏറ്റെടുക്കാൻ പോന്ന കാഴ്ചപ്പാടുകളും തന്ത്രങ്ങളും വേണം. അബൂദർറിന്റെ ദൗർബല്യം കാഴ്ചപ്പാടിലെ ദൗർബല്യമായിരുന്നു. അനാഥന്റെ സമ്പത്ത് ഏൽപിക്കപ്പെട്ടാൽ, ഒരു പക്ഷെ അത് മുഴുവൻ അദ്ദേഹം നല്ല മാർഗ്ഗത്തിൽ ചിലവഴിച്ചെന്നു വരും. എന്നിട്ടു അനാഥനെ ദരിദ്രനാക്കിയേക്കും."(8)

യുദ്ധനേതൃത്വത്തെപ്പറ്റി ഇമാം അഹ്‌മദുബ്‌നു ഹമ്പലിനോട് ഒരാൾ ചോദിച്ചു: "ഒരാൾ ശക്തനാണ്, പക്ഷെ പാപിയാണ്. മറ്റെയാൾ ദുർബലനാണ്, പക്ഷെ നല്ലവനാണ്. ഇതിൽ ആരുടെ കൂടെയാണ് യുദ്ധം ചെയ്യേണ്ടത്?" മറുപടി: "പാപിയുടെ ശക്തി ഉപകരിക്കുന്നത് മുസ്‌ലിംകൾക്കാകമാനമാണ്. അയാളുടെ പാപങ്ങൾ അയാളുടെ സ്വന്തം കാര്യം. നല്ലവന്റെ നന്മകൊണ്ട് അയാൾക്ക് കാര്യമാണ്. പക്ഷെ അയാളുടെ ദൗർബല്യത്തിന്റെ ശിക്ഷ മുസ്‌ലിംകളാണ് അനുഭവിക്കേണ്ടത്. ആയതിനാൽ പാപിയായ ശക്തന്റെ കൂടെയാണ് യുദ്ധം ചെയ്യേണ്ടത്"(9)

ശക്തി, ഉത്തരവാദിത്തം ഏൽപ്പിക്കുവാനുള്ള ഒരു യോഗ്യത തന്നെയാണ്. അതുകൊണ്ടാണ് ഖുർആൻ പറഞ്ഞത് : "താങ്കൾ ജോലിക്കുവെക്കുന്നവരിൽ ഏറ്റവും നല്ലവൻ ശക്തനും വിശ്വസ്തനുമായ ആളാണ്" (*അൽ ഖസ്വസ്* 26).

## ഇഹ്സാൻ

കാര്യങ്ങൾ ഏറ്റവും കൃത്യമായും വൃത്തിയായും ചെയ്യുക എന്നതിന് വലിയ പ്രാധാന്യമാണ് ഇസ്‌ലാം നൽകിയത്. ഇഹ്സാൻ എന്നാണ് ഇസ്‌ലാമിൽ അതിന്റെ സാങ്കേതിക നാമം. ഈമാനും ഇസ്‌ലാമിനുമൊപ്പം തന്നെ ജിബ്‌രീൽ(അ) പ്രവാചകനെ പഠിപ്പിച്ച നന്മയാണ് ഇഹ്സാൻ എന്നത് അതിന്റെ പ്രാധാന്യത്തെ കുറിക്കുന്നു.

"നീ അല്ലാഹുവിനെ കാണുന്നുവെന്നപോലെ അവന് ഇബാദത്ത് ചെയ്യുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നു"(10) എന്നാണ് ഇഹ്സാന് ജിബ്‌രീൽ നൽകിയ നിർവ്വചനം. എല്ലാറ്റിലും അല്ലാഹു 'ഇഹ്സാൻ' നിർബന്ധമാക്കിയിരിക്കുന്നു.

"അല്ലാഹു എല്ലാ കാര്യത്തിലും ഇഹ്സാൻ നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ യുദ്ധം ചെയ്യുന്നുവെങ്കിൽ, അത് ഇഹ്സാനോടെ ചെയ്യുക. നിങ്ങൾ അറുക്കുമ്പോൾ നല്ല വിധത്തിൽ അറുക്കുക, കത്തി മൂർച്ചകൂട്ടി ഇരക്ക് ആശ്വാസം നൽകുക"(11) എന്ന പ്രവാചക വചനം, നിസ്സാരമെന്നു തോന്നാവുന്ന വിഷയത്തിൽ പോലും ഇഹ്സാൻ (Perfection) ഉണ്ടാകണമെന്ന് കണിശമായി പഠിപ്പിക്കുന്നതിന്റെ തെളിവാണ്.

പ്രവർത്തനത്തിന്റെ റിസൾട്ട് അതിലെ ഇഹ്സാനെ ആസ്പദിച്ചാണ് നിൽക്കുന്നത് എന്നതുകൊണ്ടാണ് ഇഹ്സാന് ഇസ്‌ലാം വമ്പിച്ച പ്രാധാന്യം നൽകുന്നത്. ഇഹ്സാനോടെ, അഥവാ കുറ്റമറ്റ രീതിയിൽ ഒരു കാര്യം ചെയ്യണമെങ്കിൽ അതിനുള്ള യോഗ്യതയാർജിക്കണം. നല്ല റിസൾട്ടുണ്ടാക്കുന്ന മെക്കാനിസം കണ്ടുപിടിക്കാനാവണം. ആ മെക്കാനിസം മൂർച്ചയോടെ ഉപയോഗിക്കാനറിയണം. മനുഷ്യന്റെ കഴിവുകളുടെ വികസനത്തിലൂടെ മാത്രമാണ് ഇതൊക്കെയും സാധിക്കുന്നത്.

## വിഭവശേഷി വികസനവും പരിശീലനവും

പരിശീലനത്തിന് ഇസ്‌ലാമിന്റെ ശത്രുക്കൾ വമ്പിച്ച പണവും അധ്വാനവും ചിലവഴിച്ചുകൊണ്ടിരിക്കുന്നു. ചില കണക്കുകൾ പ്രകാരം അമേരിക്ക വിവിധ തലങ്ങളിൽ പരിശീലനത്തിനായി വർഷം പ്രതി 200 ബില്യൻ ഡോളറാണ് ചിലവഴിക്കുന്നത്. അമേരിക്കയിലെ മൊത്തം പൊതു–സ്വകാര്യ വിദ്യാഭ്യാസ ബജറ്റിനെക്കാൾ കൂടുതലാണ് ഈ സംഖ്യ. വിവിധ തലങ്ങളിൽ ട്രൈനിംഗിനു മാത്രമായി അമേരിക്കയിൽ മുപ്പതിലധികം ടി.വി ചാനലുകൾ പ്രവർത്തിക്കുന്നുണ്ട്. ലോകത്തിന്റെ നേതൃത്വം പാശ്ചാത്യരുടെ കൈകളിലെത്തിപ്പെട്ടത് വെറുതെയല്ലെന്നു ചുരുക്കം. എണ്ണക്കൂടുതലല്ല,

യോഗ്യതകളാണ് അവരെയതിന് സഹായിച്ചത്. അമേരിക്കയിലെയും യൂറോപ്പിലേയും ജനസംഖ്യ യഥാക്രമം 30 കോടിയും 83 കോടിയുമാണ്. ഓരോരുത്തരെയും യോഗ്യരാക്കിത്തീർക്കുകയെന്നത് അവരുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഏതൊരു ഉദ്യോഗവും ഏൽപ്പിക്കുമ്പോൾ, സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ മാത്രമല്ല, പകരം ആ ഉദ്യോഗത്തിൽ മതിയായ പരിശീലനം കൂടി നൽകിയാണ് അവരത് ഏൽപിക്കുന്നത്.

ചെയ്യുന്ന പ്രവൃത്തിക്ക് കൂടുതൽ റിസൽട്ടുണ്ടാക്കാനാവശ്യമായ വിവരങ്ങളും കഴിവുകളും യോഗ്യതകളും കരസ്ഥമാക്കുകയെന്നതാണ് പരിശീലനത്തിന്റെ ലക്ഷ്യം. അതു വഴി നമ്മുടെ സാധ്യതകളെ നാം വർദ്ധിപ്പിക്കുന്നു. അത് നമ്മുടെ നിർവ്വഹണത്തെ കുറ്റമറ്റതാക്കും.

## ഇസ്‌ലാമും പരിശീലനവും

പരിശീലനവും മുന്നൊരുക്കവുമില്ലാതെ, പൊതുധാരണകളെയും 'ഇഖ്‌ലാസി'നെയും മാത്രം അവലംബിച്ചു നടത്തുന്ന ഒന്നല്ല ഇസ്‌ലാമിക പ്രവർത്തനം. കഴിവുകൾ ജന്മസിദ്ധമല്ല, പഠിച്ചു പരിശീലിച്ചെടുക്കേണ്ടതാണ് എന്നതത്രെ ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. ഒന്നാമത്തെ മനുഷ്യനെ, സൃഷ്ടിച്ചതോടെ തന്നെ, പഠിപ്പിച്ചൊരുക്കുകയായിരുന്നു അല്ലാഹു. "അല്ലാഹു ആദമിനെ സകല വസ്തുക്കളുടെയും നാമങ്ങൾ പഠിപ്പിച്ചു" (*അൽബഖറ* 30)

ആദം സന്തതികളിൽ ഖാബീൽ ഹാബീലിനെ വധിച്ചപ്പോൾ ഹാബീലിന്റെ ജഡം എന്ത് ചെയ്യണമെന്നറിയാതെ കുഴങ്ങിയ ഖാബീലിനെ പരിശീലിപ്പിക്കാൻ കാക്കയെ അയച്ച സംഭവം അനുസ്മരിപ്പിക്കുന്നുണ്ട് ഖുർആൻ.

"പിന്നീട് അവന്ന് തന്റെ സഹോദരന്റെ ജഡം മറമാടേണ്ടതെങ്ങനെ എന്നു കാണിച്ചുകൊടുപ്പാനായി, ഭൂമിയിൽ കുഴി മാന്തുന്ന ഒരു കാക്കയെ അല്ലാഹു നിയോഗിച്ചു. അതു കണ്ട് അവൻ കേണു: ഹാ കഷ്ടം! എന്റെ സഹോദരന്റെ ജഡം മറമാടുന്നതെങ്ങനെയെന്നു കണ്ടുപിടിക്കാൻ ഈ കാക്കയുടെ സാമർത്ഥ്യംപോലും എനിക്കുണ്ടായില്ലല്ലോ! അനന്തരം അവൻ നെടുംഖേദത്തിൽ പതിക്കുകയും ചെയ്തു"(*അൽ മാഇദ* 31).

ഫറോവയെ നേരിടാൻ മൂസ(അ)യെ അല്ലാഹു പരിശീലിപ്പിക്കുന്നതു നോക്കൂ:

"ഇനി, മൂസാ! നിന്റെ കയ്യിലെന്താണ്? മൂസാ മറുപടി കൊടുത്തു: ഇത് എന്റെ വടിയാണ്. അതു ഞാൻ ഊന്നി നടക്കുന്നു. അതുകൊണ്ട് എന്റെ ആടുകൾക്ക് ഇല പൊഴിച്ചുകൊടുക്കുകയും ചെയ്യുന്നു. എനിക്കതുകൊണ്ട് വേറെയും പല ആവശ്യങ്ങളുമുണ്ട്. അവൻ കൽപിച്ചു: മൂസാ, നീയതു താഴെയിടുക. അദ്ദേഹമത് ഇട്ടു. പെട്ടെന്നതാ അതൊരിഴയുന്ന സർപ്പമായിത്തീർന്നു. അവൻ അരുളി: അതിനെ പിടിക്കുക. ഭയപ്പെടേണ്ട. നാം അതിനെ പൂർവ്വസ്ഥിതിയിലേക്കുതന്നെ മടക്കുന്നുണ്ട്. നിന്റെ കരത്തെ കക്ഷത്തിൽ ചേർത്തുവെക്കുക. അതു തിളക്കമുള്ളതായി പുറത്തുവരും ദോഷമൊന്നുമില്ലാതെ. അത് മറ്റൊരു ദൃഷ്ടാന്തമാകുന്നു. നാം നിന്നെ നമ്മുടെ മഹത്തായ ദൃഷ്ടാന്തങ്ങൾ കാണിക്കുന്നവനായതുകൊണ്ട്, ഇനി ഫറവോന്റെ അടുക്കലേക്കു പോവുക. അവൻ ധിക്കാരിയായിത്തീർന്നിരിക്കുന്നു" (*ത്വാഹ* 17–24).

"ഇരുവരും ഫറവോന്റെ അടുക്കലേക്കു പോകുവിൻ. അവൻ ധിക്കാരിയായിരിക്കുന്നു. അവനോട് മയത്തിൽ സംസാരിക്കേണം. അവൻ ഉപദേശം സ്വീകരിക്കുകയോ ഭയപ്പെടുകയോ ചെയ്തെങ്കിലോ!" (ത്വാഹ: 43, 44).

അല്ലാഹുവിനെ കണ്ടുമുട്ടുന്നതിന്റെ മുന്നോടിയായി നാൽപതു ദിവസം ജനങ്ങളിൽ നിന്നകന്നു കഴിയാൻ മൂസ(അ)യോടാവശ്യപ്പെട്ടതും സമാനമായ സംഭവമാണ്.

പ്രവാചകന്മാരെ മതിയായ പരിശീലനം നൽകിയാണ് അല്ലാഹു നിയോഗിച്ചത്. നബി(സ) പറഞ്ഞു:

"ആട്ടിടയനായിട്ടല്ലാതെ അല്ലാഹു ഒരാളെയും പ്രവാചകനാക്കിയിട്ടില്ല. സ്വഹാബികൾ ചോദിച്ചു: അങ്ങും അങ്ങനെയാണോ? നബി: അതെ, കൂലിക്ക്, മക്കക്കാരുടെ ആടുകളെ ഞാൻ മേച്ചിരുന്നു."(12) ഈ ഹദീസിന്റെ വ്യാഖ്യാനത്തിൽ ഇമാം ഇബ്നു ഹജ്ർ: "പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്, പ്രവാചകത്വത്തിന് മുമ്പ് പ്രവാചകന്മാരെ ആട്ടിടയന്മാരാക്കിയതിലെ യുക്തി, ആടുകളെ മേച്ചുകൊണ്ട് സ്വന്തം സമൂഹത്തിന്റെ കാര്യങ്ങൾ നിർവ്വഹിക്കാനുള്ള പരിശീലനം നൽകുക എന്നതാണ്. ആടിനെ മേയ്ക്കാൻ, ചിതറി നടക്കുന്ന അവയെ തെളിച്ചു കൂട്ടാൻ, ഒരു മേച്ചിൽ പുറത്തു നിന്നു മറ്റൊരു മേച്ചിൽ പുറത്തേക്ക് തെളിക്കാൻ, വന്യമൃഗങ്ങളിൽ നിന്നും കള്ളന്മാരിൽ നിന്നും അവയെ സംര

ക്ഷിക്കാൻ ക്ഷമയും കാരുണ്യവും വിവേകവും വേണം. അവയുടെ വ്യത്യസ്ത പ്രകൃതം, ദുർബലരാണെങ്കിൽ പോലും ചിന്നിച്ചിതറുന്ന സ്വഭാവം, എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കേണ്ട പ്രകൃതം എല്ലാം ഇടയന്മാർക്ക് മനസ്സിലാക്കാം. തങ്ങളുടെ സമൂഹത്തിന്റെ കാര്യത്തിൽ ക്ഷമ കൈക്കൊള്ളാനും സമൂഹത്തിന്റെ വ്യത്യസ്ത പ്രകൃതവും വ്യത്യസ്ത ജീവിത നിലവാരവും മനസ്സിലാക്കുവാനും കഴിയും. ആടുകളെ മേച്ച് പരിശീലനം ലഭിച്ചതുകൊണ്ട് സമൂഹത്തെ കൊണ്ടുനടക്കുവാൻ അവർക്ക് പ്രയാസമുണ്ടാവില്ല.[13]

പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പ് ഹിറാ ഗുഹയിൽ ഏകാന്തനായി കഴിഞ്ഞത് നബി(സ)ക്ക് ഒരു പരിശീലനമായിരുന്നു. ശഹീദ് സയ്യിദ് ഖുതുബ് എഴുതി: "ഈ ഏകാന്തവാസം അദ്ദേഹത്തെ കാത്തിരിക്കുന്ന ഒരു വലിയ സംഭവത്തിനു വേണ്ടി സജ്ജമാക്കുവാനായി അല്ലാഹു ആസൂത്രണം ചെയ്തതായിരുന്നു....... മനുഷ്യ ജീവിതത്തെ സ്വാധീനിക്കുവാനും അതിന്റെ ദിശ മാറ്റിയെടുക്കുവാനും ഉദ്ദേശിക്കുന്ന ഏതൊരാൾക്കും അൽപകാലം ഈ വിധമുള്ള ഒരൊഴിഞ്ഞിരിപ്പും ജീവിതത്തിന്റെ ബഹളത്തിൽ നിന്നുള്ള ഒരകന്നിരിപ്പും അനിവാര്യമാണ്.[14]

## പ്രവാചക മാതൃക

പ്രവാചകൻ തന്നെയാണ് പരിശീലനത്തിന്റെ കാര്യത്തിൽ ഏറ്റവും വലിയ മാതൃക. ഈമാനും ഇഖ്‌ലാസും മാത്രം പരിഗണിച്ചുകൊണ്ട് അവിടുന്ന് ആരെയും ജോലിയേൽപിച്ചില്ല. മുആദി(റ)ന് ഇതു രണ്ടുമുണ്ടായിരുന്നു. എന്നിട്ടും പ്രവാചകൻ അദ്ദേഹത്തെ യമനിലേക്കയച്ചപ്പോൾ, പ്രബോധനം എങ്ങനെയാണ് നിർവ്വഹിക്കേണ്ടതെന്ന് കൃത്യമായി പറഞ്ഞു പരിശീലിപ്പിച്ചു. അവരെ തൗഹീദിലേക്ക് ക്ഷണിക്കുക. അതവരംഗീകരിച്ചു കഴിഞ്ഞാൽ അഞ്ചു നേരം നമസ്കാരം നിർബന്ധമാണെന്നു പറയുക. അതും അംഗീകരിച്ചു കഴിഞ്ഞാൽ അവരുടെ സമ്പത്തിൽ നിന്ന് നിശ്ചിത വിഹിതം നൽകേണ്ടത് നിർബന്ധമാണ്, അവരിലെ ധനികരിൽ നിന്നെടുത്തു ദരിദ്രർക്കത് കൊടുക്കും എന്ന് അറിയിക്കുക.[12] മുആദിനോടു തന്നെ നബി(സ) ചോദിച്ചു. ഒരു പ്രശ്നം വന്നാൽ താങ്കൾ എന്തു ചെയ്യും? മുആദ് : അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് തീരുമാനമെടുക്കും. നബി: അതിലില്ലെങ്കിലോ? മുആദ് : റസൂലിന്റെ സുന്നത്തനുസരിച്ച്. നബി: അതിലുമില്ലെങ്കിലോ? ഞാൻ ഇജ്തിഹാദ് നടത്തും. വീഴ്ച വരുത്തുകയില്ല. അപ്പോൾ, അല്ലാഹുവിന്റെ ദൂതന്ന് തൃപ്തികരമായ വിധത്തിൽ പ്രവർത്തിക്കാൻ അനുഗ്രഹിച്ച അല്ലാഹുവിന് സ്തുതി എന്നു പറഞ്ഞ് റസൂൽ അദ്ദേഹത്തിന്റെ നെഞ്ചിൽ തടവി ആശീർവദിച്ചു.

മുആദ്(റ) ഇസ്‌ലാമിക പണ്ഡിതനായിരുന്നിട്ടും, എന്ത്, എങ്ങനെ ചെയ്യണമെന്ന് കൃത്യമായി പരിശീലിപ്പിച്ച ശേഷമാണ് നബി (സ) അദ്ദേഹത്തെ നിയോഗമേൽപ്പിക്കുന്നതെന്ന് ഇതിൽ നിന്നു വ്യക്തമാണ്.

നബി(സ) തന്റെയടുത്തു വരുന്ന ചില കേസുകളിൽ, അടുത്തിരിക്കുന്ന സ്വഹാബിമാരെക്കൊണ്ട് വിധി പറയിപ്പിച്ച് അവരെ പരിശീലിപ്പിക്കുമായിരുന്നു. ഉഖ്ബ(റ)യും അംറുബ്നുൽ ആസ്(റ)യും തങ്ങൾക്കുണ്ടായ ഇത്തരം അനുഭവങ്ങൾ വിശദീകരിച്ചിട്ടുണ്ട്[15].

അലി(റ)യെ യമനിൽ ന്യായാധിപനായി നിയോഗിച്ചപ്പോൾ അദ്ദേഹം നബിയോട് ചോദിച്ചു. "ഇത്രയും ചെറുപ്പത്തിൽ അങ്ങ് എന്നെ ന്യായധിപനായി നിയമിക്കുകയാണോ? എനിക്കാവട്ടെ അതെക്കുറിച്ചൊന്നുമറിയില്ല. നബി പറഞ്ഞു കൊടുത്തു: രണ്ട് വാദികൾ താങ്കളുടെ മുമ്പിൽ വന്നാൽ ഒരാളിൽ നിന്നു കേട്ടപോലെ മറ്റെയാളിൽ നിന്നും കേൾക്കുക. എന്നിട്ടേ വിധി പറയാവൂ. അലി (റ) പറയുന്നു: അതിൽ പിന്നെ എനിക്ക് വിധിന്യായത്തെപ്പറ്റി ഒരാശയക്കുഴപ്പവുമുണ്ടായില്ല."[16]

പുതുതായുണ്ടാകുന്ന പ്രശ്നങ്ങൾ പ്രവാചകൻ അനുയായികളെ പരിശീലിപ്പിച്ച ശേഷം പരിഹരിച്ചിരുന്നതിനും വേണ്ടുവോളം തെളിവുകൾ കാണാം. രാഷ്ട്ര നായകനായപ്പോൾ വിദേശത്തു നിന്ന് സുറിയാനി ഭാഷയിൽ കത്തു വരാൻ തുടങ്ങി. ഉടൻ, സൈദുബ്നു സാബിതിനോട് സുറിയാനി ഭാഷ പഠിച്ചെടുക്കാൻ നബി(സ) ആവശ്യപ്പെട്ടു. ഒന്നര മാസം കൊണ്ട് അദ്ദേഹം സുറിയാനി ഭാഷ പഠിച്ച് കൈകാര്യം ചെയ്തു തുടങ്ങി.

സ്വഹാബികളും അങ്ങനെത്തന്നെയായിരുന്നു. ഖാദിസിയ്യ യുദ്ധത്തിൽ റോമക്കാരുടെ ആനകളെ കണ്ട് ഇസ്‌ലാമിക സൈന്യത്തിന്റെ കുതിരകൾ പിറകോട്ടോടി. അറബികളുടെ കുതിരകൾക്ക് ആനകളെ പരിചയമുണ്ടായിരുന്നില്ല. ഉടൻ സ്വഹാബികൾ കളിമണ്ണുകൊണ്ട് ആനകളുടെ രൂപമുണ്ടാക്കി കുതിരകളുടെ മുമ്പിൽ വച്ചുകൊടുത്തു. അവ ആനകളെ കണ്ടു ഇണങ്ങി. അടുത്ത ദിവസം

ആനപ്പടയെ നേരിടാൻ മുസ്‌ലിംകളുടെ കുതിരപ്പടക്ക് പ്രയാസമുണ്ടായില്ല.

## ഇസ്‌ലാമിക പ്രസ്ഥാനവും വിഭവ ശേഷിയും

ഇസ്‌ലാമിക പ്രബോധനം ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയേത്? സംശയമില്ല, വിഭവക്കമ്മി. സാമ്പത്തിക വിഭവവും മനുഷ്യ വിഭവവും വേണ്ടത്രയില്ലാത്തത് ഇസ്‌ലാമിന്റെ പ്രയാണത്തെ കുറച്ചൊന്നുമല്ല പ്രതികൂലമായി ബാധിച്ചത്. മനുഷ്യ വിഭവത്തിനു സാമ്പത്തിക വിഭവമുണ്ടാക്കിയെടുക്കാൻ കഴിയും. എന്നാൽ മറിച്ചു സാധിക്കില്ല. അപ്പോൾ, മനുഷ്യ വിഭവക്കമ്മി തന്നെയാണ് പ്രധാന പ്രശ്നമെന്നു വരുന്നു.

ഇസ്‌ലാമിന്റെ മുമ്പിൽ ജാലകം തുറന്നിട്ടൊരു ലോകമാണു പുതിയ ലോകം. പ്രത്യയശാസ്ത്രങ്ങളിൽ പ്രത്യാശയറ്റ ലോകത്തിന് പുതിയൊരു പ്രത്യയശാസ്ത്രത്തെ പരീക്ഷിക്കുവാനുള്ള സന്മനസ്സ് ഉണ്ടാവാതെ വയ്യ. പക്ഷെ ആ ലോകത്തെ ബോധ്യപ്പെടുത്തും വിധം അതിനെ സമർപ്പിക്കാൻ സാധിക്കുന്ന സമർത്ഥരെവിടെ? ഇതൊരു വശം. മറുവശത്ത്, ഏറ്റവുമധികം പ്രതിക്കൂട്ടിൽ നിർത്തപ്പെട്ട പ്രത്യയശാസ്ത്രവും ഇന്ന് ഇസ്‌ലാം തന്നെ. പ്രതിരോധിക്കാൻ, ത്രാണിയും വിജ്ഞാനവും സമ്മേളിച്ച സ്ട്രാറ്റജി രൂപീകരിക്കാൻ കഴിയുന്ന ടീമെവിടെ?

ഇസ്‌ലാമിനെ ഒരാവേശമായി ഏറ്റെടുക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. പക്ഷെ, സ്വാഭാവികമായും അവരൊക്കെയും കാര്യശേഷിയുള്ളവരോ നേതൃശേഷിയുള്ളവരോ അല്ല. നല്ല അനുയായികളാകാനുള്ള യോഗ്യത അവർക്കുണ്ട്. പക്ഷെ അവർക്ക് നേതൃത്വം നൽകാൻ യോഗ്യതയുള്ളവരില്ല.

ഈ പോരായ്മ ഇന്ന് ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നന്നായി തിരിച്ചറിയുന്നുണ്ട്. അതുകൊണ്ട്, മനുഷ്യ വിഭവശേഷി വികസനത്തിനു അവ വമ്പിച്ച പ്രാധാന്യം നൽകുന്നു. ഇപ്പോൾ, അനുയായികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലല്ല, ലഭിച്ച അനുയായികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിലാണവ ശ്രദ്ധയൂന്നുന്നത്. അതിന്റെ ഭാഗമായി ഒട്ടേറെ എച്ച്.ആർ.ഡി സെന്ററുകൾ അവ മുൻകൈയെടുത്ത് സ്ഥാപിച്ചിരിക്കുന്നു. ഏതാണ്ട് ഒരു ദശകമായി പ്രസ്ഥാനങ്ങൾ ഈ ദിശയിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് നല്ല റിസൽട്ടുണ്ടായതായി കാണാം. ഖുർആനും ഹദീസും പ്രവാചക ചരിത്രവും അടിസ്ഥാനപ്പെടുത്തിയും പാശ്ചാത്യ രചനകൾ ഉപയോഗപ്പെടുത്തിയും അവർ വികസിപ്പിച്ചെടുത്ത ട്രൈനിംഗ് മെറ്റീരിയലുകൾ ശ്രദ്ധേയങ്ങളാണ്. മനുഷ്യ വിഭവ ശേഷി വികസനത്തിന് ലോകത്ത് ഏറ്റവും ഫലപ്രദമായ സംഭാവനകൾ നൽകിയിട്ടുള്ളത് ഇസ്‌ലാം തന്നെയാണെന്നും ഏറ്റവും വിദഗ്ധനായ പരിശീലകൻ പ്രവാചകൻ (സ) തന്നെയായിരുന്നുവെന്നും അവ നമ്മെ ബോധ്യപ്പെടുത്തും.

നേതൃദാരിദ്ര്യത്തെക്കുറിച്ച് പരാധീനത പറഞ്ഞുകൊണ്ടിരിക്കുകയല്ല, പരിഹാരം കണ്ടെത്താൻ ക്രിയാത്മകമായ ചുവടുവെയ്പുകൾ നടത്തുകയാണു വേണ്ടത്. നല്ല ബുദ്ധി ശക്തിയും അടിസ്ഥാന യോഗ്യതകളുമുള്ള ഇസ്‌ലാമിക പ്രവർത്തകർ എത്രയുമുണ്ട്. അവർക്ക് കുറച്ചൊരു ട്രൈനിംഗ് നൽകാൻ സംവിധാനമുണ്ടാക്കിയാൽ നല്ല നേതാക്കളാകാൻ അവർ യോഗ്യരായിരിക്കും. ■

drsalam@aljamia.net

### അടിക്കുറിപ്പ്

1) ബുഖാരി, മുസ്‌ലിം 2) മുസ്നദ്, അഹ്മദ് 3) അൽ മുഅ്ജമുൽ വസീത്, ലിസാനുൽ അറബ്
4) അൻവാറുത്തൻസീൽ വ അസ്റാറുത്തഅ്വീൽ 5) മുഫ്റദാത്തു റാഗിബ്, ഇസ്ഫഹാനി
6) ബുഖാരി: 58 7) മുസ്‌ലിം: 1825 8) സീറതു അഅ്ലാമിന്നുബലാഅ് 2/75
9) അസ്സിയാസ ശറഇയ്യ 10) ബുഖാരി 4499, മുസ്‌ലിം 102
11) മുസ്‌ലിം 12) ബുഖാരി 2143 13) ഫത്ഹുൽ ബാരി 10/5,6
14) ഫീ ദിലാലിൽ ഖുർആൻ 6/374 15) മജ്മഉ സവാഇദ് 4/198
16) അബൂദാവൂദ്